പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2150

16.08.2017 ൽ മറുപടിക്ക്

## ക്വാറികൾക്ക് റോഡ്,തോട്, നദികൾ, വീടുകൾ തുടങ്ങിയവയിൽ നിന്നുള്ള ദൂരപരിധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ ക്വാറികൾക്ക് റോഡ്, തോട്, നദികൾ, വീടുകൾ തുടങ്ങിയവയിൽ നിന്നും ഏർപ്പെടുത്തിയിരുന്ന ദൂരപരിധി 50 മീറ്ററായി കുറച്ചുകൊണ്ട് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; | (എ) ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് റോഡ്, തോട്, നദികൾ, വീടുകൾ തുടങ്ങിയവയിൽ നിന്നും ക്വാറികളിലേക്ക് നിജപ്പെടുത്തിയിരുന്ന ദൂരപരിധി എത്രയായിരുന്നു; | (ബി) 1967 ലാണ് സംസ്ഥാനത്ത് ആദ്യമായി മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിലവിൽ വന്നത്. 1967 മുതൽ 2015 വരെ ഖനനം നടത്തുന്ന പ്രദേശത്തിന്റെ അതിരിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, മറ്റ് പൊതു നിർമ്മാണങ്ങൾ, ആൾ താമസമുള്ള വീടുകൾ, ആരാധനാലയങ്ങൾ, ശ്മശാനം, പഞ്ചായത്തു റോഡുകൾ എന്നിവയിലേക്കുള്ള ദൂരപരിധി 50 മീറ്ററായിരുന്നു. എന്നാൽ 2015 ഫെബ്രുവരിയിൽ പുതിയ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പുറപ്പെടുവിച്ചപ്പോൾ എക്സ്പ്ലോസീവ് ഉപയോഗിച്ച് ഖനനം നടത്തുന്ന കേസുകളിൽ 50 മീറ്റർ എന്നത് 100 മീറ്ററായി ഉയർത്തുകയും തുടർന്ന് 2015 മേയ് 19 ന് 100 മീറ്റർ എന്നത് "കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് 'കൺസന്റ് ടു ഓപ്പറേറ്റ്' നൽകുന്നതിന് നിശ്ചയിക്കുന്ന ദൂരപരിധി" എന്ന് ഭേദഗതി വരുത്തുകയും ചെയ്തു. മേജർ മിനറലുകൾക്ക് കൺസഷൻ നൽകുന്നത് കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമാണ്. കേന്ദ്ര സർക്കാർ 1960 ലും 2016 ലും പുറപ്പെടുവിച്ചിട്ടുള്ള മിനറൽ കൺസഷൻ ചട്ടങ്ങളിലും ദൂരപരിധി 50 മീറ്ററായാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ 1967 മുതൽ 2015 ഫെബ്രുവരി വരെ നിലനിന്നിരുന്ന 50 മീറ്റർ |

ദൂരപരിധി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി പുനഃസ്ഥാപിച്ചു കൊണ്ടാണ് 2017 ജൂണിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്. നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും മാറ്റിയിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത ദൂരപരിധി കുറയ്ക്കുവാനും ക്വാറി പെർമിറ്റിന്റെ കാലാവധി വർദ്ധിപ്പിക്കുവാനുമുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) 2006 ലെ എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരവും 02.12.2016 തീയതിയിലെ ബഹു. സുപ്രീംകോടതി ഉത്തരവ് പ്രകാരവും പരാസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ മുമ്പ് 50 മീറ്റർ ദൂരപരിധിയിൽ പ്രവർത്തിച്ചുവന്നിരുന്ന സംസ്ഥാനത്തെ ചെറുകിട ക്വാറികളിൽ ഭൂരിഭാഗത്തിനും പാരിസ്ഥികാനുമതിക്കായി അപേക്ഷ സമർപ്പിക്കാൻ കഴിയാതെ വന്നു. പാരിസ്ഥികാനുമതി ഇല്ലാത്തതു മൂലം സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർമ്മാണ വസ്തുക്കളിൽ ഭൂരിഭാഗവും സംഭാവന ചെയ്യുന്ന ചെറുകിട ക്വാറികൾക്ക് പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്നു. ഇതുമൂലം നിർമ്മാണ സാമഗ്രികൾക്ക് ദൗർലഭ്യവും അതുവഴി വിലക്കയറ്റത്തിന് വഴിവയ്ക്കുന്ന സ്ഥിതി സംജാതമാകുകയും നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലേക്ക് നീങ്ങുകയും ചെയ്യുമെന്ന അവസ്ഥ രൂപപ്പെട്ടുവന്നു. മേൽ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016 ലെ മിനറൽ കൺസഷൻ ചട്ടങ്ങളിൽ നിശ്ചയിച്ചിട്ടുള്ള 50 മീറ്റർ ദൂരപരിധി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി പുനഃസ്ഥാപിച്ചു കൊണ്ട് 2017 ജൂണിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. ഇതുമൂലം കൂടുതൽ ക്വാറികൾക്ക് പാരിസ്ഥികാനുമതിക്കായി അപേക്ഷിക്കാൻ സാധിക്കുന്നതാണ്.<br>ഖനനത്തിനായി പാരിസ്ഥിതികാനുമതി നൽകുന്നത് 5 വർഷത്തേക്കാണ്. ഇതനുസരിച്ചാണ് പെർമിറ്റ് നൽകുന്നതിനുള്ള കാലയളവ് പരമാവധി 5 വർഷമായി വർദ്ധിപ്പിച്ച് ചട്ടം ഭേദഗതി ചെയ്തത്. |
| (ഡി) ദൂരപരിധിയിൽ മാറ്റം വരുത്തിയശേഷം നിർമ്മാണ സാമഗ്രികളുടെ വിലയിൽ കുറവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) 22.06.2017 നാണ് ദൂരപരിധിയിൽ ഇളവു വരുത്തിയ സർക്കാർ ഉത്തരവ് നിലവിൽ വന്നത്. ആയതനുസരിച്ച് പുതിയ ഖനനാനുമതികൾക്കായി അപേക്ഷ ലഭിച്ചു വരുന്നതേയുള്ളൂ.അതനുസരിച്ചുള്ള ഖനനാനുമതികൾ നൽകി തുടങ്ങിയിട്ടില്ല. |
| (ഇ) ദൂരപരിധി കുറച്ചത് സംസ്ഥാനത്തിന്റെ പരിസ്ഥിതിക്ക് കടുത്ത ആഘാതം സൃഷ്ടിക്കുമെന്ന ആക്ഷേപം കണക്കിലെടുത്ത് പ്രസ്തുത ഭേദഗതിയിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) പുതുക്കിയ ഭേദഗതി ഉത്തരവ് മാറ്റം വരുത്തുവാനുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**